**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭ ജീവനക്കാര്യം - പത്തനംതിട്ട നഗരസഭ വിജിലൻസ് പരിശോധന - നഗരസഭാ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ . വി ആർ . രാജു - ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.820/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,08/04/2019

പരാമർശം :- 1. വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06/11/2013 തീയതിയിലെ ഇ 3(വി.ഇ 1/2010/പി.ടി.എ) 498/2010-6/11/2013 നമ്പർ കത്ത്.

2. പത്തനംതിട്ട നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ . വി ആർ. രാജുവിന് നൽകിയ 22/03/2014 തീയതിയിലെ തസ്വഭവ-ഇ.യു.1/5142/2014/ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. ശ്രീ . വി.ആർ.രാജു സമർപ്പിച്ച 27/06/2016 തിയതിയില പ്രതിവാദ പത്രിക

4. നഗരകാര്യ ഡയറക്ടറുടെ 07/06/2016, 10/05/2018 തീയതിയിലെ വി1-6525/14 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട നഗരസഭ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വി.ആർ.രാജു 2005 കാലയളവിൽ കേരള വികസന പദ്ധതിയുടെ കീഴിൽ നിർമ്മിച്ച ഗസ്റ്റ് ഹൗസ് -കെ.എസ്.ഇ.ബി ഓഫീസ് റോഡ് നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന്റ അടിസ്ഥാനത്തിൽ ടിയാനെതിര അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റോരാപണ മെമ്മോ നൽകുകയും ചെയ്തിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം മൂന്ന് പ്രകാരം ശ്രീ.വി.ആർ.രാജു സമർപ്പിച്ച മറുപടിയിൽമേൽ, വാർഡ് സഭകൾ യഥാസമയം വിളിച്ച ചേർക്കേണ്ടത് അതാത് വാർഡ് കൗൺസിലർമാരുടെ ഉത്തരവാദിത്തമാണ് എന്നും ഇപ്രകാരം വിളിച്ച ചേർക്കുന്ന വാർഡ് സഭാ യോഗങ്ങളിലെ നടപടിക്രമം മിനിറ്റ്സ് ചെയ്യേണ്ടത് (ഹാജർ ഉൾപ്പെടെയുള്ള കാര്യങ്ങൾ യോഗത്തിലേയ്ക്ക് നഗരസഭ നിയോഗിച്ചിട്ടുള്ള കോ-

ഓർഡിനേറ്റർമാരുടെ (ഉദ്യോഗസ്ഥന്റെ) ഉത്തരവാദിത്തമാണ് എന്നും, യോഗത്തിൽ ക്വാറം തികഞ്ഞില്ലെങ്കിൽ (10%) യോഗം മാറ്റി വച്ച് മറ്റൊരു തീയതിയിൽ യോഗം വിളിച്ച ചേർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് വാർഡ് കോ- ഓർഡിനേറ്റർ /കൺവീനറുടെ ചുമതലയാണ് എന്നും, അവർ ഇപ്രകാരം ചെയ്യാതിരുന്നത് മൂലമാണ് കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിരിക്കുന്ന വീഴ്ച സംഭവിച്ചിരിക്കുന്നത് എന്നും , ഈ വിഷയത്തിൽ നഗരസഭാ സെക്രട്ടറിയ്ക്ക് നേരിട്ട് യാതൊരു ഉത്തരവാദിത്തവുമില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. ടി വിഷയം പരിശോധിക്കുന്നതിന് പ്രസ്തുത വാർഡ് സഭയുടെ മിനിട്ട്സ് ബുക്ക് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നഗരസഭയിൽ ഇപ്പോൾ ലഭ്യമല്ലെന്ന വിവരമാണ് ലഭിച്ചതെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

നഗരസഭയിലെ ചെറിയ പദ്ധതികൾ, നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോൺട്രാക്ടർമാർ മാത്രമേ എറ്റെടുക്കാറുള്ളുവെന്നും, നഗരപരിധിയിൽ സർക്കുലേഷനുള്ള പത്രങ്ങളിലാണ് സാധാരണ പരസ്യം ചെയ്യുന്നതെന്നും സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട് . 1,35,000/- രൂപ മാത്രം എസ്റ്റിമേറ്റുള്ള ടി പ്രവർത്തിക്ക് വ്യാപക പ്രചാരം നൽകുന്നതിനുവേണ്ടി മനോരമ , മാതൃഭൂമി തുടങ്ങിയ പത്രങ്ങളിൽ പരസ്യം ചെയ്താൽ വലിയ തുക പരസ്യക്കാർക്ക് നൽകേണ്ടിവരുമെന്നും , ആയതിന് ഓഡിറ്റ് ഒബ്ജക്ഷൻ വരുവാൻ സാധ്യതയുണ്ടെന്നതിനാലുമാണ് ഇപ്രകാരം ചെയ്തതെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്ക് പ്ലാൻ ഫണ്ടിൽ നിന്ന് 73,300/- രൂപയും, തനതുഫണ്ടിൽ നിന്നും 61,700/- രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്ലാൻ ഫണ്ട് തുക മാർച്ച് 31 തിയതിക്കകം ചെലവഴിക്കണമെന്ന ഉദ്ദേശത്തിലാണ് അടിയന്തരമായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും, ടെണ്ടർ വിവരങ്ങൾ നഗരസഭാ ഓഫീസ് നോട്ടീസ് ബോർഡിലും പരസ്യം ചെയ്തിരുന്നെന്നും വിശദീകരിച്ചിരുന്നു. ഇതിൽ നിന്നും ഈ വിഷയത്തിൽ ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചില്ലെങ്കിലും മേൽ വസ്തുതകൾ കൂടി പരിഗണിച്ചാൽ ആയത് നഗരസഭയുടെ താൽപര്യം മുൻനിറുത്തിയാണെന്നും, ഇതുമൂലം നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

ഗസ്റ്റ് ഹൗസ് - കെ.എസ്.ഇ.ബി ഓഫീസ് റോഡ്, പൊതുജനങ്ങൾ ധാരാളമായി ഉപയോഗിച്ച വരുന്നതാണ്. നഗരസഭാ വൈസ്ചെയർമാൻ ഉൾപ്പെടെയുള്ളവരുടെ കുറച്ച വീടുകൾ മാത്രമേ ഇവിടെയുള്ളുവെങ്കിലും നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ക്രമനമ്പർ 295 ആയി രേഖപ്പെടുത്തിയിട്ടുള്ള ടി റോഡ് നഗരസഭാ റോഡായി പരിഗണിക്കാവുന്നതാണ്. ടി റോഡ് നിർമ്മാണം സംബന്ധിച്ച കൗൺസിൽ യോഗത്തിൽ ഭരണ. പ്രതിപക്ഷ കൗൺസിലർമാർ ആരും ടി റോഡ് സ്വകാര്യ

വഴിയാണെന്ന് കാണിച്ച് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും. ഈ വസ്തുതകൾ പരിശോധിക്കാതെയാണ് വിജിലൻസ് പ്രസ്തുത റോഡ് സ്വകാര്യ റോഡാണെന്നു തെറ്റിദ്ധരിച്ചിരിക്കുന്നതെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സ്വകാര്യ റോഡല്ലായെങ്കിലും നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പണിചെയ്ത റോഡാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ, നഗരസഭ സെക്രട്ടറി കുറ്റക്കാരാണെന്ന് പരിഗണിക്കാൻ കഴിയില്ല എന്നും, എന്നാൽ പണികൾ നടത്തുന്നതിനു ടെൻഡർ വിളിക്കുക, പരസ്യം നൽകുക മുതലായ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നഗരസഭ സെക്രട്ടറിയെ കുറ്റവിമുക്തനാക്കാൻ കഴിയില്ല.

സർക്കാർ ഇക്കാര്യം 1960 ലെ കെ.സി.എസ് (സി.സി & എ ) റൂൾ പ്രകാരം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.വി.ആർ രാജു സമർപ്പിച്ച മറുപടിയും, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച്, പത്തനംതിട്ട നഗരസഭ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ .വി.ആർ രാജുവിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, സെൻഷ്വർ എന്ന ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്
അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ , തിരുവനന്തപുരം.
സെക്രട്ടറി, പത്തനംതിട്ട നഗരസഭ
ശ്രീ.വി.ആർ.രാജു,, മുൻ സെക്രട്ടറി, പത്തനംതിട്ട നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് (ഡി)വകുപ്പ് (23/12/2013 ലെ 13964/ഡി1/2013/വിജ് നം കത്ത് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(ഈ ഉത്തരവ് വെ ബ്ബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.